# 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2026 ഫെബ്രുവരി 24-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

251/2026.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 3 |

# സബ്ജക്ട് കമ്മിറ്റി XIV

## (ആഭ്യന്തര കാര്യങ്ങൾ)

## (2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. പിണറായി വിജയൻ

മുഖ്യമന്ത്രി.

അംഗങ്ങൾ:

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി രജനി വി. ആർ., അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

# 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 293), സമിതി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ 2026 ജനുവരി 11-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2026 ഫെബ്രുവരി 23-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2026 ഫെബ്രുവരി 23-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

തത്വപ്രഖ്യാപന വാക്യത്തിൽ "എഴുപത്തിയാറാം" എന്ന വാക്കിനു പകരം "എഴുപത്തിയേഴാം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. മറ്റു ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,

തിരുവനന്തപുരം,

2026 ഫെബ്രുവരി 24.

*ചെയർപേഴ്സൺ,*

*സബ്ജക്ട് കമ്മിറ്റി XIV.*

251/2026.

അനുബന്ധം

# 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത് )

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു]

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003 -ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് (2003-ലെ 27) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 14-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "പന്ത്രണ്ട് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾക്കു പകരം, "ഇരുപത് രൂപയുടെ മൂല്യമുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും" എന്നീ വാക്കുകൾക്കു മുൻപിലായി "അപേക്ഷാ തീയതിയിൽ അൻപത് വയസ്സ് പൂർത്തിയാകാത്ത" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (5)-ാം ഉപവകുപ്പിൽ, "ആയിരത്തി ഇരുന്നൂറു രൂപ" എന്നീ വാക്കുകൾക്ക് പകരം "രണ്ടായിരം രൂപ" എന്നീ വാക്കുകളും "മൂന്നു തുല്യഗഡുക്കളായി" എന്നീ

വാക്കുകൾക്ക് പകരം "മുഴുവൻ തുകയും അറുന്നൂറ് രൂപയിൽ കുറയാത്ത മൂന്ന് ഗഡുക്കളായി" എന്നീ വാക്കുകളും ചേർക്കേണ്ടതാണ്.

4. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "സഞ്ചിത തുകയും പെൻഷനും" എന്നീ വാക്കുകൾക്ക് പകരം "ഒരു സഞ്ചിത തുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ, "പണം" എന്ന വാക്കിന് പകരം "സഞ്ചിത തുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) നിലവിലുള്ള (7)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(7) തൊഴിൽ അവസാനിക്കുമ്പോൾ അറുപത് വയസ്സും അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ എട്ട് വർഷത്തെ അംഗത്വവും പൂർത്തിയാക്കിയിട്ടുള്ള അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, (7)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2026-ലെ.....) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പ്രധാന ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന അംഗങ്ങൾക്ക് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ലാത്തതും അവർക്ക് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പെൻഷൻ വർദ്ധനവിനും അർഹതയുണ്ടായിരിക്കുന്നതുമാണ്.

(8) (7)-ാം ഉപവകുപ്പിലെ വ്യവസ്ഥ പ്രകാരം പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ഒരംഗം മരണപ്പെടുമ്പോൾ പ്രസ്തുത അംഗത്തിന്റെ ആശ്രിതർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും കുടുംബ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(9) എട്ട് വർഷത്തെ അംഗത്വം പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ അറുപത് വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് മരണപ്പെടുന്നതുമായ ഒരംഗത്തിന്റെ ആശ്രിതർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ ഫണ്ടിൽ നിന്നും കുടുംബ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ, (8), (9) എന്നീ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2026-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (2026-ലെ.....) പ്രാബല്യത്തിൽ വരുന്നതിന് മുൻപ് പ്രധാന ആക്റ്റ് പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ കുടുംബ പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ആശ്രിതർക്ക് മേൽപ്പറഞ്ഞ ഉപവകുപ്പുകളിലെ നിബന്ധനകൾ ബാധകമല്ലാത്തതും അവർക്ക് സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കുടുംബ പെൻഷൻ വർദ്ധനവിനും അർഹതയുണ്ടായിരിക്കുന്നതുമാണ്.

(10) തൊഴിൽ അവസാനിപ്പിച്ച് പെൻഷനും മറ്റാനുകൂല്യങ്ങളും കൈപ്പറ്റിയ ഒരംഗത്തിന് ഫണ്ടിലേക്ക് പുനഃപ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.” .

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

**ഷാജി സി. ബേബി,**
*സെക്രട്ടറി-ഇൻ-ചാർജ്ജ്.*